**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയക്കെടുതി - പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ശുചീകരണവും അനുബന്ധ പ്രവൃത്തികൾക്കുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2314/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 23/08/2018

പരാമർശം:- 16/08/2018 ലെ സ.ഉ.(സാധാ) നം. 2262/2018/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പ്രളയക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാമർശ ഉത്തരവ് പ്രകാരം നൽകിയ നിർദ്ദേശങ്ങളിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശിത ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വെള്ളം കയറിയ വീടുകൾ, മുറ്റം, കിണർ എന്നിവ വൃത്തിയാക്കുന്നതിനും ടോയ്ലറ്റ് ഉപയോഗയോഗ്യമാക്കുന്നതിനും വൈദ്യുത ഉപകരണങ്ങൾ നന്നാക്കുന്നതിനും അതിനുവേണ്ട ലഘു ഉപകരണങ്ങളോ സാധനങ്ങളോ വാങ്ങുന്നതിനും ഇലക്ട്രീഷ്യൻ/പ്ലംബർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, തനത് ഫണ്ടിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നോ ഒറ്റത്തവണമാത്രം തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നു.

മേൽ പരാമർശിത ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
**അഡീഷണൽ ചീഫ് സെക്രട്ടറി.**

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ